# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1442/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/10/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1442/24 തീയ്യതി: 23/10/2024

**കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2023 മുതൽ 21-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2024 | 03-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2024 | 03-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.സുരേഷ് ബാബു. കെ. വി, ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,
2.ശ്രീ ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
3.ശ്രീമതി ഷിജില വി ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
4.ശ്രീ. ശ്രീനാഥ്.വി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.പി.ലോഹിതാക്ഷൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ബാബുരാജ്.പി | സെക്രട്ടറി | 01-04-2023 | 16-03-2024 |
| ശ്രീ.സുനീഷ്.പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.വോൾഗാ വിജയൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2023 | 15-10-2023 |
| ഡോ.കെ.ജിപിന | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 16-10-2023 | 31-03-2024 |
| ശ്രീമതി.ജിഷ കിഴക്കയിൽ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 19-07-2023 |
| ശ്രീമതി.പ്രിയ.വി | അസിസ്റ്റന്റ് എൻജിനീയർ | 20-07-2023 | 31-03-2024 |
| ഡോ.സാഹിറബാനു.സി.എച്ച് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.നിഷ .പി.എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ഷറഫുദ്ദീൻ.കെ.എ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷിൻജ.ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.നിഷാദ്.വി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സരിത.കെ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ.സുജിത്ത്.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീമതി.ശാലിനി ചടയൻ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ് | 07-07-2023 | 10-08-2023 |
| ശ്രീ.സുനീഷ്.പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 11-08-2023 | 31-03-2024 |
| ശ്രീമതി.പൂജാ പ്രകാശ് | കൃഷി ഓഫീസർ | 01-04-2023 | 06-06-2023 |
| ശ്രീമതി.ഡീന സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 07-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.സീമ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴപ്പാല സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.സീമ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അഞ്ചരക്കണ്ടി സർക്കിൾ ഇൻ ചാർജ് | 01-04-2023 | 25-04-2023 |
| ശ്രീമതി.നമിത.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അഞ്ചരക്കണ്ടി സർക്കിൾ | 26-04-2023 | 07-09-2023 |
| ശ്രീമതി.സീമ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അഞ്ചരക്കണ്ടി സർക്കിൾ ഇൻ ചാർജ് | 08-09-2023 | 10-09-2023 |
| ശ്രീമതി.അഷിത.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അഞ്ചരക്കണ്ടി സർക്കിൾ | 11-09-2023 | 31-03-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-2-1 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഗ്രാമസഭ | 1-11 |
| 21 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 22 | വസ്തുനികുതി നിർണ്ണയത്തിൽ അപാകം- നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു. | 1-13 |
| 23 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിലെ | 1-14 |

| | | |
|---|---|---|
| | അപാകം. | |
| 24 | അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി. | 1-15 |
| 25 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ - 850 രൂപയുടെ നഷ്ടം | 1-16 |
| 26 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-17 |
| 27 | നികുതികളായി കിട്ടേണ്ട തുക വസൂലാക്കൽ-വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല. | 1-18 |
| 28 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ചുമത്തിയതിലെ അപാകങ്ങൾ | 1-19 |
| 29 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തം. | 1-20 |
| 30 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-പെർമിറ്റ് ഫീ ഫോർ റണ്ണിംഗ് മെഷീനറി (മോട്ടോർ റണ്ണിങ് ഫീസ്) ഈടാക്കുന്നില്ല. | 1-21 |
| 31 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-22 |
| 32 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. 208700രൂപ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. | 1-23 |
| 33 | അസിസ്റ്റന്റ് എൻജിനീയറുടെ ട്രഷറി അക്കൗണ്ടിൽ കണക്കിൽപ്പെടാത്ത തുക അവശേഷിക്കുന്നു. | 1-24 |
| 34 | ടെണ്ടർ സമർപ്പിച്ച ശേഷം കരാറിലേർപ്പെടാത്തത്-ഇ എം ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 35 | ലൈഫ് മിഷൻ ഭവനപദ്ധതി-വായ്പ നിലവില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യുന്നു. | 1-26 |
| 36 | ഐ കെ എം ന് ഗ്രാമ പഞ്ചായത്ത് വിഹിതം അനുവദിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.75362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | എ ബി സി പദ്ധതിക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-110000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 38 | തെരുവ് വിളക്ക് റിപ്പയർ എ എം സി -കരാറുകാരന്റെ ബില്ലിൽ നിന്നും ജി എസ് ടി ടി.ഡി.എസ് ചെയ്തില്ല. | 1-29 |
| 39 | നിലാവ് പദ്ധതി എ എം സി -ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-30 |
| 40 | കണ്ണൂർ വിവരസഞ്ചയിക -പ്രോജക്ട് പൂർത്തീകരിച്ചില്ല. | 1-31 |
| 41 | സാന്ത്വന പരിചരണം-മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല-101534 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |

| | | |
|---|---|---|
| 42 | കണ്ണാടി വെളിച്ചം എഫ് എച്ച് സിയിൽ ഫർണ്ണിച്ചർ വാങ്ങൽ-പ്രോജക്ട് അപാകങ്ങൾ -215353 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 43 | സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ നാളിതുവരെ തിരിച്ചടച്ചിട്ടില്ല | 1-34 |
| 44 | എം സി എഫിൽ നിന്ന് മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ട് പോകൽ-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ- 495044 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-35 |
| 45 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം -പൊതു അപാകങ്ങൾ | 1-36 |
| 46 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-37 |
| 47 | വനിതകൾക്ക് വായനാമൂല -തുടർപ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ് | 1-38 |
| 48 | സ്ത്രീ പദവി പഠനം- പഠന റിപ്പോർട്ടും, മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല - ₹13657-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 49 | മുറ്റത്തൊരു മീൻതോട്ടം-ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-40 |
| 50 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-41 |
| 51 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-42 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 അക്രൂവൽ അടിസ്ഥാനത്തിലുളള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക(₹) |
|---|---|---|
| 110100101-Property Tax On Residential Buildings | 431100101/31-03-2024 | 2,376,860 |
| 10100102-Property Tax On Non Residential Buildings | 431100103/31-03-2024 | 3,173,502 |

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 86/2024നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 28-05-2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി &എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കു ന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയി രുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,

23.10.2024.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## 1-1-2 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല.**

## 1-1-3 വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വായ്പയിനത്തിൽ തുക ഒടുക്കാനില്ലാതിരുന്നിട്ടും വികസന ഫണ്ട് എസ് സി പി ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ട് പ്രകാരം ₹ 83698 ഉറവിടത്തിൽ നിന്നും കുറവുവരുത്തിയിട്ടുണ്ട്. വായ്പ നീക്കിയിരിപ്പില്ലാതെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല. വായ്പ ഇല്ലാത്ത സാഹചര്യത്തിൽ വായ്പയിനത്തിൽ ഇപ്രകാരം വികസനഫണ്ടിൽ നിന്നും കുറവ് വരുത്തിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-4 ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. പ്രസ്തുത ഹെഡിൽ (ബി-11 (E),Code-415120101) ₹120140 മാത്രമാണ് മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3364700 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-3352107 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F) , മുൻവർഷത്തെ താരതമ്യ തുകകൾ (ചട്ടം 62(3)) എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 06.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ – 2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-1-8 വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക ബി-14 ഷെഡ്യൂളിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-1 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06-03-2023 തീയതിയിലെ യോഗത്തിലെ 22/23 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 07-03-23 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-47/2023) അന്നേ ദിവസം ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 48/2023(1) നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 31/01/2024 തീയതിയിലെ യോഗത്തിലെ 08/2024 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 12-02-2024 തീയതിയിലെ സാധാരണയോഗത്തിൽ 24/2024 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 91,66,601 | 2,42,11,369 |
| വരവ് | 20,71,00,000 | 21,09,84,662 |
| ആകെ | 21,62,66,601 | 23,51,96,031 |
| ചെലവ് | 21,17,35,500 | 22,38,76,233 |
| നീക്കിയിരിപ്പ് | 45,31,101 | 1,13,19,798 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം.എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചതും പാസാക്കിയതും ഭരണസമിതിയുടെ സാധാരണ യോഗത്തിലാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹38227099 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹48458199 |
| ആകെ | ₹86685298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹45093499 |
| നീക്കിയിരിപ്പ് | ₹41591799 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3040 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1010950 |

പ്രധാന വരവ് ചെലവ് ഇനങ്ങളായ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14780400 | 14780400 | 11407025 | 3373375 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 738302 | 738302 | 656000 | 82302 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 7529350 | 7529350 | 4835886 | 2693464 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 0 | 1875400 | 1875400 | 1851769 | 23631 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 2808553 | 1955500 | 4764053 | 1765200 | 2998853 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ്, ബേസിക്ക് | -55372 | 2704973 | 2649601 | 2319542 | 330059* |
| വിമുക്തി | 12270 | 0 | 12270 | 0 | 12270 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 2395919 | 1817045 | 4212964 | 2069840 | 2143124 |
| കേന്ദ്രാവിഷ്കൃത പദ്ധതി (പൈക്ക) | 317305 | 0 | 317305 | 0 | 317305 |
| ശുചിത്വ മിഷൻ ഗ്രാന്റ് SBM GRAMINഫെയിസ് -II | 0 | 372000 | 372000 | 372000 | 0 |
| ഹെൽത്ത് ഗ്രാന്റ് Towards Support For Diagnostic Infrastruture To The PHC | 3186 | 870595 | 873781 | 860000 | 13781 |
| ഹെൽത്ത് ഗ്രാന്റ് Towards | 1570 | 368473 | 370043 | 364000 | 6043 |

| | | | | | |
|---|---|---|---|---|---|
| Conversion PHCs And Sub Centres Into Health And Wellness Centres | | | | | |
| NHM | 900000 | 0 | 900000 | 439783 | 460217 |
| ബയോ ഡൈവേഴ്സിറ്റി- | 405100 | 11014 | 416114 | 133537 | 282577 |
| കുടുംബശ്രീ- ബഡ്സ്- | 200000 | 0 | 200000 | 0 | 200000 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് (കില പരിശീലനം) | 14988 | 12200 | 27188 | 27188 | 0 |
| കോർപ്പറേഷൻ വിഹിതം | 1030498 | 5189521 | 6220019 | 6220019 | 0 |
| സാക്ഷരത | 814 | 24 | 838 | 0 | 838 |
| ലൈഫ് -ഹൗസിംഗ് സ്കീം സ്റ്റേറ്റ് ഷെയർ | 0 | 3400000 | 3400000 | 1700000 | 1700000 |
| മറ്റ് സംസ്ഥാന സർക്കാർ അവാർഡുകൾ | 533 | 0 | 533 | 0 | 533 |
| NREGS | 1872 | 19129354 | 19131226 | 19131049 | 177 |

*സി എഫ് സി ബേസിക് ഗ്രാന്റ് വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പ് തുക 3936475 രൂപയാണ് .സംയുക്തപ്രോജക്റ്റ് വിഹിതമായി തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 607563 ഉൾപ്പെടെയുള്ള തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത്.

**വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെയും ഗ്രാന്റ് അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.**

1.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന ജി.ഒ.പ്രോജക്ടുകളുടെ വകയിരുത്തൽ തുക ഉൾപ്പെടാതെ ചെലവ് മാത്രമാണ് 2023-24 സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്.

2.ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു ,മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡുക്കളും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗ്രാന്റ് ഇനം | ബജറ്റ് വിഹിതം | ലഭിച്ച ഗ്രാന്റ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് | 3911000 | 1955500 | 1955500 | പ്രസ്തുത വിഹിതം 2024-25 സാമ്പത്തിക വർഷം ലഭിച്ച |

| | | | | | |
|---|---|---|---|---|---|
| 2 | മെയിനന്റൻസ് ഗ്രാന്റ് (റോഡ്) | 11294000 | 7529350 | 3764650 | - |
| 3 | മെയിനന്റൻസ് ഗ്രാന്റ് ( നോൺ റോഡ്) | 2813000 | 1875400 | 937600 | - |
| 4 | പൊതു ആവശ്യ ഫണ്ട് | 14114000 | 10585800 | 3528200 | - |
| | ആകെ | | | 10185950 | |

മേൽ പട്ടിക പ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ 10185950 രൂപ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിനത്തിലെ 2023-24 വർഷത്തെ രണ്ടാം ഗഡു തുകയായ 1955500 രൂപ 2024-25 സാമ്പത്തിക വർഷം ലഭിച്ചത് കുറവ് ചെയ്താൽ ഗ്രാമപഞ്ചായത്തിന് ആകെ 2023-24 വർഷത്തിൽ 82,30,450 രൂപയുടെ ബജറ്റ് വിഹിതം ലഭിച്ചില്ല.

ഇതിന് പുറമെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതെ വന്നതിനാലും (ക്യൂ ബില്ലുകൾ) 6172772 രൂപയും *ലാപ്സായി. സർക്കാർ അനുവദിച്ച ബജറ്റ് വിഹിതം ലഭിക്കാതെ വന്നതിനാൽ 1,25,15,650 രൂപയും അലോട്ട്മെന്റായി ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാലും മറ്റ് കാരണങ്ങളാലും ചെലവഴിക്കുവാൻ സാധിക്കാതെ 6172772 രൂപ ലാപ്സായതിനാലും ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരുന്ന വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയിൽ ആകെ 14403222* രൂപയാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കാതെ വരികയോ ലാപ്സാകുകയോ ചെയ്തത്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 97,973 രൂപ വരവായി ACR, Grant Statementഎന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ്, ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള കണക്കുകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 230 | 95204141 | 160 | 49592428 | 33 | 127 | 70 | 55.22 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3540166 | 1990736 | 56.23 |
| വെറ്റിനറി സർജൻ | 5 | 2 | 1922500 | 492500 | 25.62 |
| മെഡിക്കൽ ഓഫീസർ-പി എച്ച്സി | 42 | 37 | 6459776 | 5174994 | 80.11 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 0 | 400000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 4 | 4 | 1348756 | 1348756 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 80000 | 36000 | 45 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -അഞ്ചരക്കണ്ടി,മുഴപ്പാല സർക്കിൾ | 27 | 16 | 22721113 | 15750738 | 69.32 |
| ഐസിഡിഎസ് സൂപ്പർവൈസർ | 16 | 12 | 6346094 | 3900914 | 61.47 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 41 | 26 | 8396802 | 4452592 | 53.03 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 79 | 52 | 40187291 | 13995562 | 34.83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 646098 | 71.79 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 8 | 5 | 2901643 | 1803538 | 62.16 |
| ആകെ | 230 | 160 | 95204141 | 49592428 | 52.09** |

**ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണസമിതിയുടെ 68/2024/DPC/DPO/KNR തീയതി 07.03.2024 നമ്പർ ഉത്തരവു പ്രകാരം വാർഷിക പദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 52 സ്പിൽഓവർ പ്രോജക്ടുകളും 178 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 230 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 95204141 രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.</u>**

| പ്രവർത്തനഘട്ടം | തീയതി/ കമ്മറ്റിതീരുമാനം നമ്പർ |
|---|---|
| ആസൂത്രണസമിതിയും വർക്കിം ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു | 21/11/2022 , 241/2022 |
| ആസൂത്രണ സമിതിയോഗം | 07/12/2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 20/12/2022, 262/2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽബോഡി | 08/12/2022 |
| കുട്ടികളുടെഗ്രാമസഭ | 17/12/2022 |
| ഭിന്നശേഷി ഗ്രാമസഭ | 17/12/2022 |
| വയോജന ഗ്രാമസഭ | 17/12/2022 |
| വികസന സെമിനാർ | 21/01/2023 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു | 31/07/2023, 173/24 |
| ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു | 22/02/2023, 45/2023 |

| | |
|---|---|
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (പ്രാഥമികം) | 14/03/2023, 68/2023 |
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (അന്തിമം) | 07/03/2024, 68/2024 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 230 പ്രോജക്ടുകളിൽ 160 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 11 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി 95204141 രൂപ വകയിരുത്തിയതിൽ 49592428 രൂപ മാത്രമാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി ചെലവ് 52.09% മാത്രം. ലഭ്യമായ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാലും മറ്റുമായി 6172772രൂപ (ക്യൂ ബില്ലിലുണ്ടായിരുന്ന തുകയുൾപ്പെടെ) ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

**പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷിക മേഖലയിൽ നെൽകൃഷി, തെങ്ങ് കൃഷി എന്നിവയെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു. സാന്ത്വന പരിചരണം, മരുന്നുവാങ്ങൽ, പി എച്ച് സി യുടെ അടിസ്ഥാന വികസനം, മെൻസ്ചുവൽ കപ്പ് വിതരണം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർഹിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ തൻവർഷം ഏറ്റെടുത്തിട്ടില്ല. വയോജന സൌഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷക പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ 30 സ്പിൽഓവർ പദ്ധതികളും 49 പുതിയ പദ്ധതികളും ഉൾപ്പെടെ 79 പദ്ധതികളിൽ 52 എണ്ണത്തിന് മാത്രമെ ഓഡിറ്റ് വർഷം ചെലവു വന്നിട്ടുള്ളൂ. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

**വാർഷികപദ്ധതി വിലയിരുത്തൽ**

കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ, സെക്രട്ടറി, അസി.എഞ്ചിനീയർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്റ്റ് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. മെഡിക്കൽ ഓഫീസർ (ഹോമിയോ) തൻവർഷം പ്രോജക്റ്റ് നടപ്പിലാക്കിയില്ല. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവ്വഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്റ്റ് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷിക പദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**സഞ്ചിതനിധിയിലേയ്ക്ക് 6172772രൂപ തിരികെ എടുക്കപ്പെട്ടു**

സാങ്കേതിക കാരണങ്ങളാൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 6172772 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക(സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 14780400 | 11407025 | 3373375 |
| വികസന ഫണ്ട്-എസ് | 738302 | 656000 | 82302 |

| | | | |
|---|---|---|---|
| സി പി | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 7529350 | 4835886 | 2693464 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 1875400 | 1851769 | 23631 |
| ആകെ | 24923452 | 18750680 | 6172772 |

**വിനിയോഗത്തിലെ കുറവ്-ഫണ്ട് ഷോർട്ട് ഫാൾ ഉണ്ടാകുന്നതിനുമിടയാക്കുന്നു.**

സ.ഉ(കൈ)നം.79/2021/ധന തിയതി15.07.2021 പ്രകാരം വികസനഫണ്ടിലെ പൊതുവിഭാഗം സാധാരണവിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തികവർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2023-24 വർഷം ഗ്രാമ പഞ്ചായത്തിൽ വികസന ഫണ്ട് എസ്.സി.പി.മെയിനന്റൻസ് ഗ്രാന്റ് നോൺ റോഡ് ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിച്ചിട്ടുണ്ട്.എന്നാൽ വികസനഫണ്ട് (ജനറൽ), സംരക്ഷണ ഫണ്ട് റോഡ് ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. തൻവർഷം 80%-ൽ അധികം തുക ചെലവഴിക്കാതെ ഷോർട്ട് ഫോളായ ഫണ്ടിനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം ) | 14780400 | 11407025 | 3373375 | 77.18 | 2956080 | 417295 |
| സംരക്ഷണഫണ്ട് (റോഡ്) | 7529350 | 4835886 | 2693464 | 64.23 | 1505870 | 1187594 |
| ആകെ | | | | | | 1604889 |

ബജറ്റ് വിഹിതം സർക്കാർ പൂർണ്ണമായും അനുവദിക്കാത്തതിനാലും അനുവദിക്കപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണം നടത്തി തയ്യാറാക്കിയ വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അടിയന്തിര നടപടികൾ ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി<br>1.Unskilled<br>2.Skilled &Semi Skilled | 00 | 15940455<br>353493 | 15940455<br>353493 | 15940455<br>353493 | 00 | 00 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1872 | 937406 | 939278 | 937112 | 1989 | 177 |

| | | | | | | |
|---|---|---|---|---|---|---|
| സാധന സാമഗ്രികളുടെ ചെലവ് | 00 | 1898000 | 1898000 | 1898000 | 00 | 00 |
| ആകെ | 1872 | 19129354 | 19131226 | 19129060 | 1989 | 177 |

**അവലോകനം**

ആക്ഷൻ പ്ലാൻ പ്രകാരം 271 പദ്ധതികൾക്ക് അനുമതി ലഭിച്ചതിൽ 199 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ആയതിൽ 167 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2023-24 വർഷം പുതുതായി രജിസ്റ്റർ ചെയ്ത 131 കുടുംബങ്ങൾ ഉൾപ്പെടെ ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 3011 ആണ്. ഇതിൽ 540 കുടുംബങ്ങളാണ് തൊഴിൽ ആവശ്യപ്പെടുകയും തൊഴിൽ ചെയ്യുകയും ചെയ്തിട്ടുള്ളത്. 410 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുണ്ട്. ആകെ 47846 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 297 | 3954400 |
| വിധവാ പെൻഷൻ | 879 | 10692900 |
| വാർദ്ധക്യകാല പെൻഷൻ | 2134 | 23381100 |
| ഭിന്നശേഷി പെൻഷൻ | 239 | 3057300 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 287 | 3490600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2024 ന് ഉച്ചക്ക് ശേഷം 02-30 മണിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,317 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200 രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ കാഷ് നീക്കിയിരിപ്പ് 18,517 രൂപയാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലും അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി പിഴ ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

2023-24 വാർഷിക പദ്ധതി രൂപീകരണ ഗ്രാമസഭകൾ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും 2022 ഡിസംബർ മാസം നടക്കുയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തിൽ 2023 മെയ്, ജൂൺ, ഡിസംബർ മാസങ്ങളിലായി ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-2023 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി രൂപീകരണം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, മാലിന്യമുക്ത നവകേരള ക്യാമ്പയിൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ,സാമൂഹ്യസുരക്ഷ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ മുതലായ വിഷയങ്ങൾ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

സർക്കാരിന്റെ 22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ലഭിച്ചതിന്റെയും (ഗ്രാമപഞ്ചായത്തിൽ 8189 ബി ഫാറത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്) അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/27.08.24) മറുപടിയായി വിവരശേഖരണത്തിനായി സാങ്കേതിക പരിജ്ഞാനം ഉള്ളവരുടെ അപേക്ഷകൾ ക്ഷണിച്ചതിൽ 28.04.2023 ന് ഇന്റർവ്യൂ നടത്തിയിരുന്നെങ്കിലും 11,12,13,14 വാർഡുകളിൽ മാത്രമേ വിവരശേഖരണം നടത്താൻ എന്യൂമറേറ്റർമാരുടെ സേവനം ലഭ്യമായിട്ടുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് വാർഡുകളിലും വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണസമിതിയുടെ സവിശേഷ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 1-13 വസ്തുനികുതി നിർണ്ണയത്തിൽ അപാകം-നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ, 05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 3 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ **മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ**-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് 24.06.2023 തീയതിയിൽ SC3/3962/23 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3, എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,9,55 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന 2023-24 കാലയളവിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപ വിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപ വിഭാഗം | സഞ്ചയ പ്രകാരം ഈടാക്കേണ്ട വസ്തു നികുതി ₹ | സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കിയത് ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|---|
| 9/420 B | സുനിൽ ഭാസ്കരൻ | 345.33 (161.87 GF 183.46 FF) | പാർപ്പിടാവശ്യം | മേൽ പട്ടികയിലെ ക്രമ നമ്പർ 1 | മേൽ പട്ടികയിലെ ക്രമ നമ്പർ 2 | @₹9 345.33x9 =3108 മേഖല ഇളവ് – 311 റോഡിന്റെ തരം വർദ്ധനവ്- 622 തറ നിർമ്മിതി- 466 =3108-311+622 +466 | @₹6 345.33x6 =2072 മേഖല ഇളവ് – 207 റോഡിന്റെ തരം വർദ്ധനവ്- 414 തറ നിർമ്മിതി- 311 =2072-207+ 414+311 | 1490 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | =3885 3885+195(LC 5%)+388 (ST10%) =**4468** | =2590 2590+129(LC 5%)+259 (ST10%) =**2978** | |
| 15/215 B | സക്കീർ കുഞ്ഞി ക്കരിയിൽ | 84.8(GF) | ക്വാർട്ടേഴ്സ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3 | @₹55 84.8x55=4664 =4664+ 233 (LC 5%)+466(ST 10%) = **5363** | @₹6 84.8x6=509 =509+25(LC 5%)+51 (ST10%)= **585** | 4778 |
| 15/215 C | സക്കീർ കുഞ്ഞി ക്കരിയിൽ | 76.49(GF) | ക്വാർട്ടേഴ്സ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3 | @₹55 76.49x55 =4207 =4207+210 (LC 5%)+421 (ST 10%) = **4838** | @₹6 76.49x6=459 =459+ 23 (LC 5%) +46 (ST10%) = **528** | 4310 |
| 15/215 D | സക്കീർ കുഞ്ഞി ക്കരിയിൽ | 107.79(GF) | ക്വാർട്ടേഴ്സ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3 | @₹55 107.79x55 =5928 =5928+296 (LC 5%)+593(ST 10%) = **6818** | @₹6 107.79x6=647 =647+32(LC 5%)+65 (ST10%)= **744** | 6074 |
| ആകെ | | | | | | | | 16652 |

കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകി നികുതി നിർണ്ണയിച്ചതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.08.24) മറുപടിയായി മേൽ പട്ടികയിലെ സുനിൽ ഭാസ്കരൻ എന്നവരുടെ കെട്ടിടം 300 ചതുരശ്ര മീറ്ററിൽ കൂടുതൽ ഉള്ളതിനാൽ പുതിയ നിരക്കില്ലുള്ള നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി വരവിനത്തിൽ കുറവ് വന്ന ₹1490 ഈടാക്കേണ്ടതാണ്.

മേൽ പട്ടികയിൽ പരാമർശിച്ച മറ്റ് കെട്ടിടങ്ങൾക്ക് കെ പി ബി ആർ 2019 പ്രകാരം Dwelling Unit ഉള്ള അപ്പാർട്ട്മെന്റ് ഗണത്തിലാണ് പെർമിറ്റ് നൽകിയതെന്നും A1 അപ്പാർട്ട്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാലാണ് ക്രമ നം 1 പ്രകാരം നികുതി നിശ്ചയിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ.ഉ(അച്ചടി) നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) എന്നിവയ്ക്ക് മാത്രമാണ് ക്രമ നം 1, 2 പ്രകാരം നികുതി നിർണയിക്കേണ്ടത്. കെട്ടിടത്തിന് പെർമിറ്റ് നൽകിയ ഗണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തണമെന്ന് ഉത്തരവിൽ പരാമർശിക്കുന്നില്ല. ആയതിനാൽ മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിച്ച് നികുതി ക്രമപ്പെടുത്തേണ്ടതാണ്. 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളും ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പുതിയ കെട്ടിടങ്ങളുടെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

## 1-14 സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകം.

സ.ഉ(അച്ചടി) നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 3 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ | ഏറ്റവും കൂടിയ |
|---|---|---|---|

| | | നിരക്ക് (രൂപ) | നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) – 300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് 24.06.2023 തീയതിയിൽ SC3/3962/23 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3, എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,9,55 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം |
|---|---|---|
| 8/381 C,D,E,F,G,H,I,J,K,L,M | സാജിദ പാണപ്രോൺ | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 1/193 L,M | മിനി.സി | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |
| 3/160 L,M | പി.കെ.രാഗേഷ് | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |
| 8/232 C, D | ദിവ്യ മനോജ് | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |
| 9/469 B,C,D | ചാലിക്കണ്ടി പീടികയിൽ നാസർ | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |
| 15/215 B,C,D | സക്കീർ കുഞ്ഞിക്കരിയിൽ | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |

ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/30.08.2024) മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് കെ പി ബി ആർ 2019 പ്രകാരം Dwelling Unit ഉള്ള അപ്പാർട്ട്മെന്റ് ഗണത്തിലാണ് പെർമിറ്റ് നൽകിയതെന്നും A1 അപ്പാർട്ട്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാലാണ് ക്രമ നം 1 പ്രകാരം നികുതി നിശ്ചയിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ.ഉ(അച്ചടി) നം.25/2023/തസ്വഭവ, 05.04.23, എസ് ആർ ഒ നമ്പർ 479/2023 പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) എന്നിവയ്ക്ക് മാത്രമാണ് ക്രമ നം 1, 2 പ്രകാരം നികുതി നിർണയിക്കേണ്ടത്. കെട്ടിടത്തിന് പെർമിറ്റ് നൽകിയ കൈവശഗണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കണമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്നില്ല. ആയതിനാൽ മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയത് പരിശോധിക്കേണ്ടതും നികുതി നിർണ്ണയം ക്രമപ്പെടുത്തേണ്ടതുമാണ്.

## 1-15 അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | 1/258 | (96 ച മീ) | കോമത്തുംകണ്ടി രാഘവൻ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 8/130 | (104 ച മീ) | കൈതേരിക്കണ്ടി ദിനേശൻ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 8/205 | (125 ച മീ) | കളത്തിൽ മാവില സതീശൻ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 8/463 | (130.14 ച മീ) | മന്ദനക്കണ്ടി ഷമീന | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 11/668 | (80 ച മീ) | മാണിക്കോത്ത് ബാലൻ | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്/ഇളവ് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/29.08.2024) മറുപടിയായി 1993 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടങ്ങൾ നികുതിയില്ലാത്ത കെട്ടിടങ്ങളായാണ് രേഖപ്പെടുത്തിയതെന്നും 2013 ലെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഇവയ്ക്ക് ഘടനാപരമായ മാറ്റങ്ങൾ ഒന്നുമില്ലാത്തതിനാലാണ് നികുതി ഈടാക്കാഞ്ഞതെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങൾ നേരിട്ട് പരിശോധന നടത്തി നികുതി പുനർ നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിക്കുന്നതിന്റെ കാരണം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ - 850 രൂപയുടെ നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2023-24 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/29.08.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണ്.

| സ്ഥാപനം | **പേര്** | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം (തൊഴിൽ നികുതി റിട്ടേൺ പ്രകാരം) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| പ്രസ്റ്റീജ് എഡ്യുക്കേഷൻ ട്രസ്റ്റ് | രാഖി മോൾ കെ എച്ച് | ലക്ചർ | II | 1,80,000 | 1000 രസീത് നം. 1230107436 തീ 28.03.24 | 1250 | 250 |
| ഗ്രാമിക അസോസിയേറ്റ്സ്, മുഴപ്പാല | ടി ദിനേശൻ | സെയിൽസ് മാനേജർ | I | 73000 | 450 രസീത് നം. 1230105728 തീ 09.02.24 | 600 | 150 |
| | | | II | 73000 | 450 രസീത് നം. 1230105729 തീ 09.02.24 | 600 | 150 |
| | രാധാകൃഷ്ണൻ ടി | സെയിൽസ് മാൻ | I | 73000 | 450 രസീത് നം. 1230105728 തീ 09.02.24 | 600 | 150 |
| | | | II | 73000 | 450 രസീത് നം. 1230105729 തീ 09.02.24 | 600 | 150 |
| ആകെ | | | | | | | 850 |

2) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 850 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-17 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

2023-24 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് വിവിധ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.08.24) മറുപടിയായി ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങൾ ചുവടെ ചേർത്തവയാണ്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 58 | ദ്വാരക ഹോട്ടൽ | 3 |
| 459 | ജാൻവീസ് കളക്ഷൻ | 3 |
| 702 | നക്ഷത്ര ഹോട്ടൽ | 4 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഇനത്തിലുള്ള തുക ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 നികുതികളായി കിട്ടേണ്ട തുക വസൂലാക്കൽ-വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ തൊഴിൽ നികുതിയിനത്തിൽ ഒന്നാം അർദ്ധവർഷം നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നതിന് 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും ഐ എൽ ജി എം എസ് പ്രകാരമുള്ള ചിട്ട രജിസ്റ്ററും പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | പിഴയിനത്തിലെ കുറവ് |
|---|---|---|---|---|
| പ്രസ്റ്റീജ് എഡ്യുക്കേഷൻ ട്രസ്റ്റ് | 252120/- 1230103997/10-11-23 | 7564 | 15128 | 7564 |
| ഡൈമാർട്ട്, ചക്കരക്കൽ | 3750/- 1230106213/26-02-24 | 225 | 450 | 225 |
| രവീന്ദ്ര ഗാർമെന്റ്സ് | 3780/- 1230104075/14-11-23 | 113 | 226 | 113 |
| ഹൈടെക് മോട്ടോർസ് കാവിൻമൂല | 3150/- 1230107395/28-03-24 | 221 | 442 | 221 |
| ഓട്ടോവേൾഡ്, കണ്ണാടിവെളിച്ചം | 2700/- 1230106397/29-02-24 | 162 | 324 | 162 |
| ശ്രീശക്തി പേപ്പർ പ്രൊഡക്ട്സ് | 3250/- 1230106197/24-02-24 | 195 | 390 | 195 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/29.08.24) മറുപടിയായി മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി പിഴയിനത്തിൽ കുറവ് വന്ന തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ 2023-24 സാമ്പത്തികവർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് 2

ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രം പിഴ ഈടാക്കിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ചുമത്തിയതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09-03-2018 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം ഉൽപ്പാദനമേഖലയിലും സേവന മേഖലയിലും ഉള്ള സംരഭങ്ങൾക്ക് ലൈസൻസ് ഫീസ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം നിർണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദനം | | സേവനം | |
|---|---|---|---|
| മുലധന നിക്ഷേപം | ഫീസ് | മുലധന നിക്ഷേപം | ഫീസ് |
| 50000 രൂപ വരെ | 100 | 25000 രൂപ വരെ | 100 |
| 50001 രൂപ മുതൽ 1 ലക്ഷം വരെ | 200 | 25001 രൂപ മുതൽ 1 ലക്ഷം വരെ | 200 |
| 100001 മുതൽ 2 ലക്ഷം വരെ | 300 | 100001 മുതൽ 2 ലക്ഷം വരെ | 300 |
| 200001 മുതൽ 5 ലക്ഷം വരെ | 350 | 200001 മുതൽ 3 ലക്ഷം വരെ | 400 |
| 500001 മുതൽ 10 ലക്ഷം വരെ | 400 | 300001 മുതൽ 10 ലക്ഷം വരെ | 500 |
| 1000001 മുതൽ 25 ലക്ഷം വരെ | 500 | 1000001 മുതൽ 50 ലക്ഷം വരെ | 1000 |
| 2500001 മുതൽ 1 കോടി വരെ | 1000 | 50 ലക്ഷം - 1 കോടി | 2000 |
| 1 കോടി - 2 കോടി | 2000 | 1 കോടി - 1.25 കോടി | 3000 |
| 2 കോടി - 3 കോടി | 3000 | 1.25 കോടി - 1.5 കോടി | 4000 |
| 3 കോടി - 4 കോടി | 4000 | 1.5 കോടി - 2 കോടി | 5000 |
| 4 കോടി - 5 കോടി | 5000 | | |

എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/30.08.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഫയലിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | കെട്ടിട നമ്പർ | രേഖപ്പെടുത്തിയ മൂലധന നിക്ഷേപം (രൂപയിൽ) | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ), രശീതി നമ്പർ/ തീയതി | ഈടാക്കേണ്ട ലൈസൻസ് ഫീ (രൂപയിൽ) | ഈടാക്കിയതിലെ കുറവ് (രൂപയിൽ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജി ജി ടെക് | എ കെ മുഹമ്മദ് റസീൻ | 11/374 B | 5,00,000 | 100, 1220107088 Dtd 03.02.23 | 500 | 400 |
| ലയന ആതിര സ്റ്റേഷനറി | കൊട്ടുങ്ങൽ വിജയൻ | 6/267 | 5,00,000 | 200, 1220107146 Dtd 06.02.23 | 500 | 300 |
| | | | | | ആകെ | 700 |

ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) ചുവടെ ചേർത്ത സ്ഥാപനത്തിൽ നിന്ന് ഭരണ സമിതി തീരുമാന പ്രകാരമുള്ളതിൽ നിന്ന് വ്യത്യസ്തമായ നിരക്കിലുള്ള ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളത്

| സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | കെട്ടിട നമ്പർ | രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ്, രശീതി നമ്പർ/തീയതി |
|---|---|---|---|---|
| കാരൻസ് പുട്ടുപൊടി | സിരിഷ സനൽ | 8/475 | രേഖപ്പെടുത്തിയിട്ടില്ല | ₹1500, 1220107464/21.02.23 |

മുൻ വർഷം ഈടാക്കിയ ലൈസൻസ് ഫീസ് 1500 രൂപയായിരുന്നതിനാൽ 2023-24 വർഷം ലൈസൻസ് പുതുക്കുമ്പോൾ അതേ തുക ഈടാക്കിയതാണെന്നും ഭരണസമിതി തീരുമാന പ്രകാരമുള്ള ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം മുതൽ ഈടാക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) ലൈസൻസ് ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് അടുത്ത വർഷം മുതൽ രേഖപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

4) ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയർ മുഖേന ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം സംബന്ധിച്ച് ഏതാനും ഫയലുകളിൽ മാത്രമാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. ലൈസൻസ് പുതുക്കുന്ന അവസരത്തിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻവർഷം ഒടുക്കിയ ലൈസൻസ് ഫീസ് തുക തൻവർഷവും ഈടാക്കുകയാണ് ചെയ്യുന്നതെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

5) ലൈസൻസ് ഫീസ്, ഇൻസ്റ്റലേഷൻ ഫീസ്, എച്ച് പി ഫീസ്, 5 വർഷ ഡെപ്പോസിറ്റ് എന്നിങ്ങനെ ഇനം തിരിച്ച് രജിസ്റ്ററിൽ സംഗ്രഹം ചേർത്തിട്ടില്ല. ആയത് അടുത്ത വർഷം മുതൽ രേഖപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

6) ഉയർന്ന മൂലധനനിക്ഷേപമുള്ള പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കി വരുന്ന തുക പരിമിതമാണ്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | പേര്, സ്ഥാപന വിവരം | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 239 | അഞ്ചരക്കണ്ടി ഫ്യൂവൽസ് | മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല | ₹4000 |
| 299 | വിജയാ ഫ്യൂവൽസ് | മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല | ₹5000 |

മേൽ പട്ടികയിലെ സ്ഥാപനങ്ങൾ മുൻവർഷം ഒടുക്കിയ ലൈസൻസ് ഫീസ് തുകയാണ് ഈ വർഷവും ഈടാക്കിയിട്ടുള്ളതെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ആയത് തൃപ്തികരമല്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളുടെയും

ഉയർന്ന മൂലധനനിക്ഷേപമുള്ള മറ്റ് സ്ഥാപനങ്ങളുടെയും മൂലധന നിക്ഷേപത്തിന്റെ കൃത്യത ഫീൽഡ് തല പരിശോധനയിലൂടെ ഉറപ്പാക്കേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-20 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തം.

ഗ്രാമപഞ്ചായത്തിൽ 2023-24 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/02.09.24) മറുപടിയായി ഏതാനം സ്ഥാപനങ്ങളുടെ കെട്ടിട നമ്പറുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ മാറി പോയതാണെന്നും അവയുടെ യഥാർത്ഥ കെട്ടിട നമ്പറും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 5 | ഐ കെ പ്രകാശൻ | സ്റ്റേഷനറി കട | 8/64 | വിദ്യാഭ്യാസാവശ്യം |
| 8 | സജിത വി സി | കുടുംബശ്രീ ജനകീയ ഹോട്ടൽ | 11/332 | പാർപ്പിടാവശ്യം |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ഫീൽഡ് തല പരിശോധനയും അസസ്മെന്റ് രേഖകളുടെ പരിശോധനയും മുഖേന ഉറപ്പാക്കേണ്ടതും ആവശ്യമെങ്കിൽ പുതിയ നിരക്കിലുള്ള നികുതി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 എഫ് ടി ഇ & ഒ എസ് ലൈസൻസ്-പെർമിറ്റ് ഫീ ഫോർ റണ്ണിംഗ് മെഷീനറി (മോട്ടോർ റണ്ണിങ് ഫീസ്) ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തതും വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതുമായ സ്ഥാപനങ്ങളിൽ നിന്ന് പെർമിറ്റ് ഫീ ഫോർ റണ്ണിംഗ് മെഷീനറി ഇനത്തിലുള്ള തുക ഈടാക്കുന്നില്ല. ആയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/30.08.24) മറുപടിയായി കേരള സർക്കാർ തദ്ദേശഭരണ (സി) വകുപ്പ് തിരുവനന്തപുരം അഡീഷണൽ സെക്രട്ടറിയുടെ 23.06.1998 ലെ 32226/സി2/97/തഭവ നമ്പർ സർക്കുലർ പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പട്ടിക 3 ൽ പറഞ്ഞിരിക്കുന്ന ഫീസാണ് ഏർപ്പെടുത്തേണ്ടതെന്നും ചട്ടം 7 പ്രകാരം മറ്റൊരു ഫീസ് ഏർപ്പെടുത്താൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണ് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് റണ്ണിംഗ് മെഷീനറി ഫീസ് ഈടാക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ചട്ടങ്ങളിൽ ഇത് സംബന്ധിച്ച ഭേദഗതി ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-22 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

2022-23 വർഷത്തിലെ സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2023-24 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

| ക്രമ നം | സ്ഥാപന ഉടമ | സ്ഥാപനം |
|---|---|---|
| 1 | രവിന പി പി | ഡി കെയർ ദന്തൽ ക്ലിനിക് |
| 2 | അനൂപ് കുമാർ സി പി | ഫാമിലി ഫാർമസി |
| 3 | സ്മിജ കെ വി | കൃഷ്ണ മെഡിക്കൽ ലബോറട്ടറി |
| 4 | ഡോ വി കെ ബാബുരാജ് | അശ്വിനി ഹോമിയോ ക്ലിനിക് |
| 5 | വിനിയൻ ഉത്തമൻ | ക്ലിനി കെയർ ഹോമിയോപ്പതി |
| 6 | ഡോ നികേഷ് നാരായണൻ | സ്മൃതി ആയുർ ക്ലിനിക് |

| | | |
|---|---|---|
| 7 | അഞ്ചരക്കണ്ടി ഫാർമേർസ് കോ ഓപ്പറേറ്റീവ് ബാങ്ക് | സഹകാരി മെഡിക്കൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ 2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നവയാണോ എന്നും സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/29.08.24) മറുപടിയായി മേൽ പട്ടികയിലെ ക്രമ നം. 1 പ്രകാരമുള്ള സ്ഥാപനം 2023-24 വർഷം മുതൽ പ്രവർത്തിക്കുന്നില്ലെന്നും ബാക്കി സ്ഥാപനങ്ങളുടെ പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-23 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. 208700രൂപ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.</u>

സർക്കാരിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ തന്നെ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ 13-09-2022 തീയതി മുതൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതിന് ശേഷം ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ചാലോട് ശാഖയിലെ 41270726833 നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെങ്കിലും (ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് 13-09-2022 മുതൽ 29-08-2024 വരെ) പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാതെ നിലനിർത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 31-03-2024 തീയതിയിൽ 208700രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.
അസിസ്റ്റന്റ് എൻജിനീയറുടെ പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.കൂടാതെ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഇ-ടെണ്ടർ ഫീസിനത്തിൽ മുൻ വർഷങ്ങളിൽ ക്രെഡിറ്റ് ചെയ്ത തുക ലഭിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30.08.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

## <u>1-24 അസിസ്റ്റന്റ് എൻജിനീയറുടെ ട്രഷറി അക്കൗണ്ടിൽ കണക്കിൽപ്പെടാത്ത തുക അവശേഷിക്കുന്നു.</u>

ഗ്രാമപ്പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ജില്ലാ ട്രഷറി ,കണ്ണൂരിലെ സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-799011400002889) 67637/-രൂപ 31.03.2024 ന് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള പേയ് മെന്റും കണ്ടിജന്റ് ബിൽ പേയ് മെന്റ് തുകകളുമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലെ കണ്ടിജന്റ് രജിസ്റ്റർ പ്രകാരവും ഗ്രാമപഞ്ചായത്ത് വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരവും 31,195 രൂപയാണ് പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ 31-03-2024 തീയതിയിൽ 67637 രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന 36,442 രൂപ ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ലഭ്യമല്ല.

തുകയുടെ വരവ് സ്രോതസ് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ലെന്നും ഓഫീസിൽ ക്ലാർക്കിന്റെ സേവനം ലഭിക്കാത്തതിനാൽ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ലെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30-08-2024) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലവശേഷിക്കുന്ന തുകയുടെ വരവുസ്രോതസ്സ് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുകയാണെന്ന് ഉറപ്പാക്കുന്നപക്ഷം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്. നീക്കിയിരിപ്പ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ (TR 7A) എല്ലാ ഇടപാടുകളും ഉൾപ്പെടുത്തി കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ടെണ്ടർ സമർപ്പിച്ച ശേഷം കരാറിലേർപ്പെടാത്തത്-ഇ എം ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2021-22 വാർഷിക പദ്ധതിയുടെഭാഗമായി 21/10/2021 തീയ്യതിയിൽ ഇ ടെണ്ടർ നടത്തിയതിൽ താഴെ പറയുന്ന 6 പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിച്ച കരാറുകാരനായ ശ്രീ.സുരേന്ദ്രബാബു സി, ദേവിസദനം, നിർമ്മലഗിരി എന്ന കരാറുകാരൻ പലതവണ ആവശ്യപ്പെട്ടിട്ടും എഗ്രിമെന്റ് സമർപ്പിക്കാത്തതിനാൽ ശ്രീ.സുരേന്ദ്രബാബു സി. എന്നയാളുടെ EMD കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ 28.12.2021 തിയതിയിലെ 219/2021(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു. EMD കണ്ടുകെട്ടുന്നതിന്റെ ഭാഗമായി ടിയാന് മതിയായ സമയം നൽകി ആയത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം അറിയിക്കുന്നതിന് അസി.എഞ്ചിനീയർ, എൽ ഐ ഡി & ഇ ഡബ്ല്യു-അഞ്ചരക്കണ്ടിക്ക് 30.03.2023 തിയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം കരാറുകാരൻ സമർപ്പിച്ച മറുപടി അസി.എഞ്ചിനീയർ, എൽ ഐ ഡി & ഇ ഡബ്ല്യു മുഖേന ലഭിച്ചിട്ടുള്ളത് വിശദമായി ചർച്ച ചെയ്ത ശേഷം എസ്റ്റിമേറ്റ് തുകയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി എഗ്രിമെൻറിൽ ഏർപ്പെടാതെ ടാറിൻറെ വിലവ്യത്യാസം അനുവദിച്ചുതരണമെന്ന് ആവശ്യപ്പെടുന്നത് അംഗീകരിക്കാനാവാത്തതിനാലും, കരാറുകാരന്റെ മറുപടി തൃപ്തികരമല്ലാത്തതിനാലും,കരാറുകാരൻ പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി വച്ചിട്ടുള്ള ഇ എം ഡി കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതിയുടെ 03-05-2023 തീയതിയിലെ ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നമ്പർ-105/2023). പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് നം.20/22- ചാപ്പ നരിക്കോട് റോഡ് ടാറിംഗ്

2.പ്രോജക്ട് നം.28/22-ആനേനിമെട്ട അംഗൻവാടി റോഡ് റീടാറിംഗ്

3.പ്രോജക്ട് നം.88/22-പലേരിമെട്ട പുതുശ്ശേരിമാപ്പുരക്കൽ റോഡ് ടാറിംഗ് .

4.പ്രോജക്ട് നം.163/22-എൻ.പി.ഗോപി റോഡ് ബാലൻസ് ടാറിംഗ് .

5.പ്രോജക്ട് നം.167/22-കാവിൻമൂല മിടാവിലോട് സ്കൂൾ റോഡ് ടാറിംഗ്.

(ആറാമത്തെ പ്രവൃത്തി ഏതാണെന്ന് ഭരണസമിതി തീരുമാനത്തിൽ വ്യക്തതയില്ല).

പ്രസ്തുത തീരുമാനം നടപ്പിലാക്കി ഇ എം ഡി കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറിൽ പ്രസ്തുത പ്രവൃത്തികളുടെ തുക 17-05-2023 തീയതിയിൽ Forefeit ചെയ്തിട്ടുണ്ടെന്നും തുക വരവ് വന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/02-09-2024) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇ എം ഡി കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-26 ലൈഫ് മിഷൻ ഭവനപദ്ധതി-വായ്പ നിലവില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യുന്നു.

ലൈഫ് ഭവനപദ്ധതിക്കായുള്ള ലോൺ തുക ഗ്രാമപഞ്ചായത്ത് തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്നില്ല (വാർഷിക ധനകാര്യപത്രിക 2023-24 B-5 ഷെഡ്യൂൾ). ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി വായ്പ എടുത്തിട്ടുമില്ല. എന്നാൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസന ഫണ്ടിൽ നിന്നും 2023-24 വർഷം വരെയുള്ള കാലയളവിൽ ₹167395 ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര്, നമ്പർ | ഫണ്ട് ഇനം | ഉത്ഭവത്തിൽ കുറവ് ചെയ്ത ആകെ തുക | തിരികെ ലഭിച്ച തുക | ഉത്ഭവത്തിൽ കുറവ് ചെയ്ത ആകെ തുക |
|---|---|---|---|---|---|
| 2022-23 | സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | വികസന ഫണ്ട് (പൊതുവിഭാഗം) | 13,950 | 13,950 | 0 |
| 2022-23 | സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | വികസന ഫണ്ട് (എസ് സി പി) | 104623 | 20925 | 83698 |
| 2023-24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി)-263/24 | വികസന ഫണ്ട് (എസ് സി പി) | 27899 | 0 | 27899 |

| | | | | | |
|---|---|---|---|---|---|
| ---ടി--- | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി)-265/24 | വികസന ഫണ്ട് (എസ് സി പി) | 27899 | 0 | 27899 |
| ---ടി--- | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി)-267/24 | വികസന ഫണ്ട് (എസ് സി പി) | 27899 | 0 | 27899 |
| ആകെ | | | 202270 | 34875 | 167395 |

വികസന ഫണ്ട് ഉറവിടത്തിൽ നിന്നും തുക അധികമായി കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വികസന ഫണ്ടിൽ 167395 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/27-08-2024) കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് കത്ത് സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഭാവിയിൽ വായ്പയെടുക്കുന്ന പക്ഷം വായ്പയിൽ ക്രമീകരിക്കുന്നതിനോ തിരികെ ലഭിക്കുന്നതിനോ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-27 ഐ കെ എം ന് ഗ്രാമ പഞ്ചായത്ത് വിഹിതം അനുവദിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.75362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ 57047023512 എന്ന അക്കൗണ്ട് നമ്പറിലേക്ക് 75362 രൂപ താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 10/24<br>ഐ.കെ.എം വിഹിതം അടക്കൽ |
| അടങ്കൽ | ₹75362 വികസനഫണ്ട് |
| ചെലവ് | ₹75362 |
| ബിൽനം/തീയതി.<br>(എ സി ആർ പ്രകാരം) | 126/10.11.2023 |

ഐ കെ എം ന് അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 15/29-8-2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 75362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 എ ബി സി പദ്ധതിക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-110000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ എന്ന പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 199/24, എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹110000 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹110000 |
| ബിൽ നമ്പർ & തീയ്യതി<br>(എ സി ആർ പ്രകാരം) | 127/10.11.2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ.(ആർ.ടി.) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി. പദ്ധതിക്ക് ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം 1,10,000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/29-08-2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും മോണിറ്ററിങ്ങ് പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളുടെയും അഭാവത്തിൽ 1,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-29 തെരുവ് വിളക്ക് റിപ്പയർ എ എം സി -കരാറുകാരന്റെ ബില്ലിൽ നിന്നും ജി എസ് ടി ടി.ഡി.എസ് ചെയ്തില്ല.</u>

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് അറ്റകുറ്റ പണി/പരിപാലനത്തിനായുള്ള ഇ ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം ശ്രീ.ശ്രീലേഷ്, എന്നവരുടെ ടെൻഡർ അംഗീകരിച്ച് താഴെ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 172/24 തെരുവ് വിളക്ക് റിപ്പയർ എ.എം.സി |
| അടങ്കൽ | 500000 തനത് ഫണ്ട് |
| ചെലവ് | ₹470700 |
| വൗച്ചർ നമ്പർ / തീയതി (എ സി ആർ പ്രകാരം) | ₹235350 -79/17.08.23<br>₹117675 -210/28.12.23<br>₹117675 -261/15.02.24 |

1.സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ 1% ആദായനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ജി എസ് ടി കിഴിച്ചുള്ള തുകയായ ₹398898യുടെ 2% തുകയായ ₹7978 ജി എസ്.ടി ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/03.09.2024) മറുപടിയായി ഫയൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായ ജി എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

## <u>1-30 നിലാവ് പദ്ധതി എ എം സി -ആദായ നികുതി ഈടാക്കിയിട്ടില്ല.</u>

| | |
|---|---|
| ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 49/24 നിലാവ് പദ്ധതി എ.എംസി |
| അടങ്കൽ | ₹200000, തനത് ഫണ്ട് |
| ചെലവ് | ₹63073 |
| വൗച്ചർ നമ്പർ / തീയതി | 22301124/30.03.24 |

ഗ്രാമ പഞ്ചായത്തിലെ നിലാവ് പദ്ധതിയിലുൾപ്പെട്ട തെരുവ് വിളക്കുകളുടെ പരിപാലനം ഇനത്തിൽ ₹63073 കരാറുകാരനായ ശ്രീ. ശ്രീലേഷ്.സി എലൈറ്റ് ഇലക്ട്രിക്കൽ ചക്കരക്കൽ എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം ₹30,000 അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് 1 ശതമാനവും മറ്റുള്ളവയ്ക്ക് 2 ശതമാനം നിരക്കിലുമാണ്. എന്നാൽ ആദായനികുതി ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/03.09.2024) ലഭ്യമാക്കിയ മറുപടിയിൽ

2024-25 വർഷം കരാറുകാരന് നൽകുന്ന തുകയിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 08.02.2023 മുതൽ 1 വർഷത്തേക്കാണ് കരാർ കാലാവധി ആയതിനാൽ കൂടി പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർന്നു വരുന്ന ബില്ലിൽ നിന്നും മേൽ പ്രകാരം നൽകിയ തുകയുടെ നിയമാനുസൃതമായ 1% ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 കണ്ണൂർ വിവരസഞ്ചയിക -പ്രോജക്ട് പൂർത്തീകരിച്ചില്ല.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അവ ക്രോഡീകരിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നതിനായുള്ള കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തെ സംയുക്ത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് സമഗ്ര വിവര ശേഖരണത്തിനായി പദ്ധതി തയ്യാറാക്കി താഴെക്കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 173/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹1000000, തനത് ഫണ്ട് |
| ചെലവ്/ബിൽ നമ്പർ/തീയതി | ₹5050 22300819/24.01.2024 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മെഷർമെന്റ് ടാപ്പ് വാങ്ങിയതിന് 3150 രൂപയും വിവരശേഖരണത്തിനായുള്ള എന്യുമറേറ്റർമാർക്ക് പരിശീലനം നൽകിയതിലുള്ള റിഫ്രഷ്മെന്റ് ചാർജിനത്തിൽ 1900 ഉൾപ്പെടെ ആകെ ₹5050 യാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സമഗ്രവിവരങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ വിവര സഞ്ചയിക റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/03.09.2024) ലഭ്യമാക്കിയ മറുപടിയിൽ 2024 എപ്രിൽ മാസത്തോടുകൂടി വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്നും ആയത് പുസ്തക രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടി ചെയ്തു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-32 സാന്ത്വന പരിചരണം-മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല-101534 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സാന്ത്വനം പദ്ധതിയുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 5.08.2023 ലെ PRF.866 നമ്പർ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുത്ത പ്രകാരം ₹300000 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പിഎച്ച്സി |
| പ്രൊജക്ട് നമ്പർ / പേര് | 46/24 സാന്ത്വന പരിചരണം |
| അടങ്കൽ ₹1090200 | ₹550000 വികസന ഫണ്ട് പൊതുവിഭാഗം<br>₹40200 തനത് ഫണ്ട്<br>₹200000 ബ്ലോക്ക് പഞ്ചായത്ത്<br>₹300000 ജില്ലാ പഞ്ചായത്ത് |
| ചെലവ് | ₹854150 |
| ബിൽ നമ്പർ, തീയതി | ₹39990-420301165/05.08.2023 (ബ്ലോക്ക് പഞ്ചായത്ത് )<br>₹260010-42301166/08.08.2023 (ജില്ലാ പഞ്ചായത്ത്) |

മേൽ ബിൽ പ്രകാരം മരുന്ന് വാങ്ങുന്നതിന് നൽകിയതിലെ ₹300000-യിൽ 198466 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയുടെ മരുന്ന് ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/02.09.2024) മറുപടിയായി 101534 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമായതിനു ശേഷം ആയതിന്റെ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 101534 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 കണ്ണാടി വെളിച്ചം എഫ് എച്ച് സിയിൽ ഫർണ്ണിച്ചർ വാങ്ങൽ- പ്രോജക്റ്റ് അപാകങ്ങൾ -215353 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കണ്ണാടി വെളിച്ചം എഫ് എച്ച് സിയിൽ ഫർണ്ണിച്ചർ വാങ്ങൽ പ്രോജക്ടിന്റെ ഭാഗമായി ഇൻവോയിസ് നമ്പർ Rubco/FUR/QTN/848/R-O 29.11.2023 പ്രകാരം ₹481000 യുടെഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റ് നമ്പർ/ പേര് | 226/24 കണ്ണാടി വെളിച്ചം എഫ് എച്ച് സിയിൽ ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ ₹481000 | ₹480350 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹650 (തനത് ഫണ്ട്) |
| ചെലവ് ₹481000 | ₹480350 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹650 (തനത് ഫണ്ട്) |
| തുക,ബിൽ നമ്പർ / തീയതി | ₹480350 325/11.03.24<br>₹650 324/11.03.24<br>-----------------------<br>ആകെ ₹481000 |

മേൽ പ്രോജക്റ്റ് പ്രകാരം ഷെൽഫ് 1 എണ്ണം, (As Per Drawing) Jefferson Chair 3 എണ്ണം, എക്സിക്യൂട്ടീവ് ടേബിൾ 1 എണ്ണം എന്നീയിനങ്ങളാണ് വാങ്ങയിട്ടുള്ളത്. അതിൽ റബ്കോയിൽ നിന്ന് ഫർണിച്ചർ നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിലെ (G O(Rt)143/2023/SPD DT11.12.23) ക്രമ നം 30 Shelf As Per Drg എന്ന ഇനത്തിന്റെ വില 14848/Sqm ആണ്. എന്നാൽ ഇൻവോയിസിൽ പ്രസ്തുത ഇനം 1 എണ്ണം എന്നും ആയതിന്റെ വിലയായി ₹215353 എന്നുമാണ് കാണിച്ചിട്ടുള്ളത്. ഷെൽഫിന്റെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ ഷെൽഫ് അനുവദിച്ച തുകയ്ക്ക് അനുസൃതമായ അളവിലുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. റബ്കോയുമായുള്ള കരാർ സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നം. 25/31.08.2024) നൽകിയതു പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഷെൽഫിന്റെ മെഷർമെന്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഷെൽഫ് വാങ്ങിയ ഇനത്തിലുള്ള ₹215353-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ നാളിതുവരെ തിരിച്ചടച്ചിട്ടില്ല**

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ സർവീസ്/ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര്/ ഐ.ഡി നമ്പർ | പെൻഷൻ കൈപ്പറ്റിയ കാലയളവ് /ഇനം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സാരഞ്ചിനി.കെ | വിധവാ പെൻഷൻ<br>2015 ഏപ്രിൽ മുതൽ 2019ഏപ്രിൽ വരെ | 54400 |
| 2 | നസീമ എൻ.കെ | വിധവാ പെൻഷൻ<br>2015 ഒക്ടോബർ മുതൽ 2019 സെപ്തംബർ വരെ | 46400 |
| 3 | വിലാസിനി.സി.കെ | വാർദ്ധക്യകാല പെൻഷൻ | 22100 |

| | | | |
|---|---|---|---|
| | | 2017 സെപ്റ്റംബർ മുതൽ2019 ഏപ്രിൽ വരെ | |
| 4 | ആനന്ദിനി.എം.ടി | ഡിസബിലിറ്റി പെൻഷൻ<br>2016 ഫിബ്രുവരി മുതൽ 2019 സെപ്റ്റംബർ വരെ | 57300 |
| 5 | ആഖി.പി.ടി | ഡിസബിലിറ്റി പെൻഷൻ<br>2018ഒക്ടോബർ മുതൽ 2019 സെപ്റ്റംബർ വരെ | 10200 |
| 6 | ഉഷ .സി | വിധവാ പെൻഷൻ<br>2015 നവംബർ മുതൽ 2019ഏപ്രിൽ വരെ | 45600 |
| 7 | സവിത കുമാരി | വിധവാ പെൻഷൻ<br>2016 ജൂലൈ മുതൽ 2020ഏപ്രിൽ വരെ | 52100 |
| 8 | ചിരുതൈ .യു.കെ | വാർദ്ധക്യകാല പെൻഷൻ<br>2017 സെപ്റ്റംബർ മുതൽ2019 ഏപ്രിൽ വരെ | 45000 |
| 9 | സൗദാമിനി.ടി (25.08.21 ന് മരണപ്പെട്ടു) | വാർദ്ധക്യകാല പെൻഷൻ<br>2015 ഏപ്രിൽ മുതൽ2016 സെപ്റ്റംബർ വരെ | 14200 |
| ആകെ | | | 347300 |

സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി അനുവദിക്കുന്നത് ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (2/23-08-2024) മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 15 പേർ സർവീസ്/ ഫാമിലി പെൻഷൻ വാങ്ങുന്നവരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 6 പേർ തുകതിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടക്കുന്നതിനായി ഗ്രാമപഞ്ചായത്ത് രേഖാമൂലം മേൽ ഗുണഭോക്താക്കളെ അറിയിച്ചുവെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. മേൽ പ്രകാരം അനർഹമായി അനുവദിച്ച ക്ഷേമ പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-35 എം സി എഫിൽ നിന്ന് മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ട് പോകൽ-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ- 495044 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

ഗ്രാമപഞ്ചായത്തിന്റെ MCF ൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണയോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ നീക്കം ചെയ്യതിനുള്ള തുക ചുവടെ ചേർത്ത പ്രകാരം ക്ലീൻകേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>മുഴപ്പാല സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 20/24, എം സി എഫിൽ നിന്ന് മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ |
| അടങ്കൽ | ₹6,46,600 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹124100 ബിൽ നം. 165/29.11.23<br>₹1544 ബിൽ നം. 166/29.11.23<br>₹23,100 ബിൽ നം. 167/29.11.23<br>₹193300 ബിൽ നം. 362/21.03.24<br>₹153000 ബിൽ നം. 472/27.03.24<br>ആകെ: ₹495044 |

മേൽ പ്രോജക്ട് പ്രകാരം കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ നൽകുന്നത്. ആയതിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31.07.2018 പ്രകാരം പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി ബാധകമല്ല. ജി എസ് ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി ഇനത്തിൽ അധികം തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/31.08.24) മറുപടിയായി ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയതിനാലാണ് തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടിക പ്രകാരമുള്ള തുകകൾ ക്ലീൻകേരള കമ്പനി കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിൽ അപാകങ്ങളുള്ളതിനാലും ക്ലീൻകേരള കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും ₹495044-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതും ജി.എസ്.ടി ഇനത്തിൽ തുക അനുവദിക്കുന്നത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം -പൊതു അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

| പ്രോജക്ട് നമ്പർ | 60/24 | 41/24 | 39/24 | 42/24 |
|---|---|---|---|---|
| പ്രോജക്ട് | പച്ചക്കറി കൃഷിക്ക ചെടിച്ചട്ടി വിതരണം | ജൈവ പയർ കൃഷി വികസനം | നെൽകൃഷി വികസന പദ്ധതി | സമഗ്ര തെങ്ങു കൃഷി വികസന പദ്ധതി |
| അടങ്കൽ തുക | ₹527900 – വികസന ഫണ്ട്<br>₹221875 – തനത് ഫണ്ട്<br>₹249925 – ഗുണഭോക്തൃ വിഹിതം<br>ആകെ ₹999700 | 12000 വികസന ഫണ്ട് പൊതുവിഭാഗം | ₹147550 – വികസന ഫണ്ട് പൊതു വിഭാഗം<br>₹81600 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹210000 – ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്<br>ആകെ ₹439150 | ₹1310062 – വികസന ഫണ്ട് പൊതു വിഭാഗം<br>₹441754 – ഗുണഭോക്തൃ വിഹിതം<br>ആകെ ₹1751816 |
| ചെലവ് തുക | ₹221875 – തനത് ഫണ്ട്<br>₹249925 -ഗുണഭോക്തൃ വിഹിതം<br>ആകെ ₹471800 | 12000 | ₹126538 – വികസന ഫണ്ട്<br>₹81600 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹210000 – ഗുണഭോക്തൃ വിഹിതം<br>ആകെ ₹418138 | ₹647044 – വികസന ഫണ്ട്<br>₹441754 – ഗുണഭോക്തൃ വിഹിതം<br>ആകെ ₹1088798 |
| ബിൽ നമ്പർ/ തീയതി | 368/23.03.2024: 26875<br>364/23.03.24: 97500<br>370/23.03.24: 97500<br>Cheque No: 21682, Dated 24.03.2024: 221875 | 138/14.11.2023 | 139/14.112023: 4000<br>140/14.11.2023: 56700<br>154/27.11.2023: 60558<br>182/05.12.2023: 5280<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 18/05.12.2023: 81600 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്: 210000 | 161/29.11.2023: 140520<br>162/29.11.2023: 156515<br>163/29.11.2023: 150605<br>164/29.11.2023: 99707<br>165/29.112023: 99697<br>ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് 441754 |

2023-24 വർഷത്തിൽ കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവഹണം പരിശോധിച്ചതു പ്രകാരം താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

**1.** വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദപ്പെട്ട കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ ഗുണഭോക്താക്കളുടെ അപേക്ഷ ഫോറങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) കൃഷിക്ക് കൂലിച്ചെലവ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം ലഭ്യമല്ല.

3) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയിട്ടില്ല.
ആയത് ലഭ്യമാക്കുന്നതിനായി 02-09-2024 ന് നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം നെൽകൃഷി വികസന പദ്ധതിയിൽ ഭൂരിഭാഗം കർഷകരും പാട്ടക്കൃഷിയാണ് ചെയ്യുന്നതെന്നും പ്രസ്തുത ഭൂവുടമകൾക്ക് തൊഴിൽകാർഡ് ഇല്ലാത്തതുകാരണമാണ് നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

**1-37 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 34/24, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 565200 വികസനഫണ്ട് (ജനറൽ)<br>360000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>120000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : 1045200 |
| ചെലവ്/ബിൽ നമ്പർ, തീയതി | 378000 – വികസനഫണ്ട് (ജനറൽ) – 183/06.12.2023<br>309500 – 187/06.12.2023 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ചെലവ് : 687500 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ - പദ്ധതി നം. 34/24 പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള ആകെ 43 ഭിന്നശേഷി വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ ഭിന്നശേഷി വിദ്യാർഥികൾക്കായി അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ലിസ്റ്റ്

തയ്യാറാക്കുകയോ ചെയ്തിട്ടില്ല. തുക അനുവദിക്കപ്പെട്ട ബില്ലുകൾ പ്രകാരമുള്ള തുകയും ഗുണഭോക്താക്കളുടെ പേരുകളും അനുവദിച്ച തുകയും പ്രിന്റെടുത്ത് വിവരം ഒരു നോട്ടുബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. ( സ.ഉ(എം.എസ്) 115/2022/LSGD Dated 28/05/2022 ഖണ്ഡിക 7.1.1(2) പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് 02-09-2024 ന നൽകിയ 29 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-38 വനിതകൾക്ക് വായനാമൂല -തുടർപ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 162/24, വനിതകൾക്ക് വായനാമൂല |
| അടങ്കൽ | ₹416660 വികസനഫണ്ട് (ജനറൽ)<br>₹35295 തനത് ഫണ്ട്<br>ആകെ: ₹451955 |
| ചെലവ് | 180000 വികസനഫണ്ട് (ജനറൽ) – ബിൽ നമ്പർ 55/3.07.2023<br>34136 തനത് ഫണ്ട് – ബിൽ നമ്പർ 484/03.07.2023<br>ആകെ: ₹214136 |

വനിതകൾക്ക് വായനാമൂല പദ്ധതി വഴി "ചിന്ത പബ്ലിഷേഴ്സിൽ" നിന്നും 2550 പുസ്തകങ്ങൾ വാങ്ങി 15 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 16 മേശകൾ വാങ്ങിച്ച 16 അങ്കണവാടികൾക്കും, 22 ബുക്ക് ഷെൽഫുകൾ വാങ്ങിച്ച 22 അങ്കണവാടികൾക്കും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടിയുടെ ഒരു ഭാഗം വനിതകൾക്കുള്ള വായനാ മൂലയായി മാറ്റുന്നത് കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ, മാനുഷിക വിഭവ ശേഷി , കമ്മ്യൂണിറ്റി ഇടപെടൽ എന്നിവയുമായി ബന്ധപ്പെട്ട നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്.
2. പദ്ധതി പ്രകാരം വായനമൂല സ്ഥാപിക്കുന്നത് 22 അങ്കണവാടികളിലാണ്. അങ്കണവാടികളുടെ പ്രവർത്തന സമയം രാവിലെ 10 മുതൽ ഉച്ച കഴിഞ്ഞു 3.30 മണി വരെയാണ്. ഈ സമയത്ത് പഠന, പഠ്യേതര, അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള സമയമായതിനാൽ തന്നെ വായനാ മൂലയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുക സാധ്യമല്ല. അങ്കണവാടികളുടെ പ്രവർത്തന സമയം കഴിഞ്ഞു വായനാ മൂലയുടെ പ്രവർത്തനം ഉറപ്പു വരുത്തുവാൻ പഞ്ചായത്ത് എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതിനായി ആരെയാണ് അങ്കണവാടികൾ തോറും ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല.

3. ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീയതി 19/04/2022 ഖ 6.3.1) പ്രകാരം സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുന്നതിനും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകും വിധമാണ് വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ

സ്ഥാപനങ്ങളും നിർബന്ധമായി തയ്യാറാക്കേണ്ടത്. വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. വായനാ മൂല വനിതകൾക്ക് മാത്രമായി തുടങ്ങേണ്ടതിന്റെ കൃത്യമായ വിവരശേഖരണം, പഠനം എന്നിവ പഞ്ചായത്ത് നടത്തിയതിന്റെ വിവരം ലഭ്യമല്ല.

4.ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീയതി 19/04/2022 പ്രകാരം ഇത്തരത്തിൽ ഒരു പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നിർദേശമില്ല. ഉദ്ദേശ്യ ലക്ഷ്യം വ്യക്തമല്ല. ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങിച്ച അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന എന്നല്ലാതെ അത് വനിത വികസനത്തിന് എങ്ങനെ മുതൽക്കൂട്ടാവും എന്ന നിർദേശങ്ങളൊന്നും പദ്ധതിയിൽ കാണുന്നില്ല. പദ്ധതി നടപ്പിലാക്കിയത് നൂതന പദ്ധതിയായിട്ടാണോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല.
ഇത് സംബന്ധിച്ച 02-09-2024 ന നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം വനിതകളുടെ വികസനത്തിന് മുൻതൂക്കം നൽകുവാനാണ് പദ്ധതി നടപ്പിലാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വനിതകൾ വായനമൂല ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും വായനാമൂലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക/ മാനുഷിക വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

**<u>1-39 സ്ത്രീ പദവി പഠനം- പഠന റിപ്പോർട്ടും, മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല - ₹13657-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 177/24, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹320590, വികസന ഫണ്ട് ജനറൽ<br>₹64705, തനത് ഫണ്ട്<br>ആകെ: ₹385295 |
| ചെലവ്<br>ബിൽ നമ്പർ/ തീയതി | ₹13657, (തനത് ഫണ്ട് )<br>13/27-03-2024 |

അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള സ്ത്രീകളുടെ പദവി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഗാർഹീക സർവ്വേ പൂർത്തീകരിച്ചതിന്റെ പ്രതിഫലമായി ഒരു ഫോമിന് 5 രൂപ പ്രകാരം വാർഡ് തല സർവ്വേ നടത്തുന്നതിനാണ് തൻ വർഷം തുക ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും, നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും, മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/02-09-2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പഠന റിപ്പോർട്ടും, മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ ₹13657 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-40 മുറ്റത്തൊരു മീൻതോട്ടം-ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല</u>**

മുറ്റത്തൊരു മീൻതോട്ടം എന്ന പ്രോജക്ടിൽ കുളം നിർമ്മിച്ച് മീൻ വളർത്തുന്നതിന് 3 ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റിന്റെ ( 20000 രൂപ ) 60% നിരക്കിൽ ( 12000 രൂപ വീതം) ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ/ പേര് | 97/24, മുറ്റത്തൊരു മീന്തോട്ടം |
| അടങ്കൽ | ₹32000 വികസനഫണ്ട് (ജനറൽ)<br>₹48000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്<br>ആകെ ₹80000 |
| ചെലവ് തുക | ₹36000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് |

3 ഗുണഭോക്താക്കളും മത്സ്യകൃഷി നടത്തിയെങ്കിലും തൻ വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം സബ്സിഡി വിഹിതം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല. ജി.ഒ (എം.എസ്) 115/2022/ ത.സ്വ.ഭ.വ തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 2.15 പ്രകാരം മൽസ്യമേഖലയിലെ പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതിന് അഞ്ച് ലക്ഷം രൂപയാണ് വാർഷിക വരുമാനപരിധി. എന്നാൽ പ്രേമൻ കെ എം എന്ന ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/24-08-2024) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-41 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## <u>1-42 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം</u>

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം,ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് താഴെപറയുന്ന സൂചകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 01/22-07-2024 ന് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

<u>(I)അജൈവമാലിന്യം</u>

<u>എ) ഹരിത കർമ്മസേനയുടെ പ്രവർത്തനം</u>

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ നിലവിൽ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ, ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential), പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non- Residential) ഹരിത കർമ്മസേനാംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വാർഡുകളുടെ എണ്ണം | വാർഡിലെ ജനസംഖ്യ | ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential) | പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 15 | 23030 | 4924 | 271 | 15 |

ഗ്രാമപഞ്ചായത്തിലെ അതിദാരിദ്രരായിട്ടുള്ള 26 കുടുംബങ്ങളെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളെയും യൂസർഫീ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് നിലവിൽ പദ്ധതി വെച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരം വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ട്. ജൈവമാലിന്യം 100 ശതമാനം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ട്. അജൈവ മാലിന്യം ഹരിതകർമ്മസേന വഴി 100 ശതമാനം ശേഖരിക്കുന്നുമുണ്ട്. എങ്കിലും മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കാര്യത്തിൽ ജനങ്ങൾ പൂർണ്ണമായും ബോധവാന്മാരായിട്ടില്ലാത്തതിനാൽ പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത അപൂർവ്വമായെങ്കിലും കണ്ടു വരുന്നുണ്ട്. പൊതു ശുചീകരണത്തിന്റെ ഭാഗമായും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായും പാതയോരങ്ങൾ, പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഗസി മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരുന്നുണ്ട്. വാർഡുതലത്തിൽ നടത്തപ്പെടുന്ന ഗ്രാമസഭകളിലും മറ്റ് പൊതുപരിപാടികളിലും മാലിന്യ സംസ്കരണ രീതികളെ കുറിച്ചും ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ പറ്റിയും ബോധവത്കരണ ക്ലാസുകൾ നടത്താറുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ മാസ വരുമാന വർദ്ധനവിനായി പഞ്ചായത്ത് പദ്ധതി മുഖേന സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള ഒരു സംരംഭവും, സെറാമിക് പ്ലേറ്റ്, ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള മറ്റൊരു സംരംഭവും ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് 10,000 രൂപയിൽ കൂടുതൽ വേതനം ലഭിച്ചു വരുന്നതിനാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകേണ്ട ആവശ്യം വരുന്നില്ല. ഹരിതകർമ്മ സേനാംഗങ്ങൾ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫ്.-ൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുക്കുകയും വാടക വാർഷിക പദ്ധതിയിലൂടെ നൽകി വരുകയും ചെയ്യുന്നുണ്ട്. പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതി നിലവിലുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളിൽ നിന്നും രണ്ടുപേരെ ഡ്രൈവിംഗ് പരിശീലനത്തിന് തിരഞ്ഞെടുത്തിട്ടുണ്ട്. എം.സി.എഫിൽ ഹരിതകർമ്മ സേനയ്ക്ക് ഓഫീസ് റൂം ഉണ്ട്. വെള്ളം, വെളിച്ചം, ഫർണ്ണിച്ചർ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് ആവശ്യമായ യൂണിഫോം, മഴക്കോട്ട്, ഗ്ലൌസ്, ഷൂസ്, തൊപ്പി, കുടത്തൊപ്പി എന്നിവ പദ്ധതി മുഖേന നൽകിയിട്ടുണ്ട്. നിരത്തുകളിലും പൊതു ഇടങ്ങളിലും മാലിന്യം തള്ളുന്നത് സംബന്ധിച്ചും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ടും പരിശോധനകൾ നടത്തുകയും ഇത് ചെയ്യുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ അവലോകന യോഗം ഓരോ മാസവും നടത്തുകയും യോഗത്തിൽ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് സംബന്ധിച്ച പരിശീലനം കെൽട്രോണിന്റെ നേതൃത്വത്തിലും ഐ.കെ.എം. ന്റെ നേതൃത്വത്തിലും നൽകി വരാറുണ്ട്. കൂടാതെ ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനവും നിർദ്ദേശങ്ങളും നൽകാറുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഹരിതമിത്രം ആപ്പ് വഴി മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. പ്രതിമാസ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വാട്സ് ആപ്പ് ഗ്രൂപ്പ് വഴി ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**ബി) എം സി എഫ് ന്റെ പ്രവർത്തന വിവരം**

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പാലക്കീഴ് എന്ന സ്ഥലത്ത് ചിറമ്മൽ പീടിക അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് ശ്മശാനം റോഡിന് സമീപത്തായി എം.സി.എഫ്. സ്ഥിതി ചെയ്യുന്നു. 3 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡിന് സമീപമായതിനാൽ വാഹനം പാർക്ക് ചെയ്യുന്നതിനും ലോഡ് കയറ്റുന്നതിനും വേണ്ടത്ര സൗകര്യമുണ്ട്. ഫയർ ഫോഴ്സ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ പറ്റുന്ന പ്രദേശമാണിത്. എം.സി.എഫിൽ ഒരു ശുചിമുറി ഉണ്ട്. കുടിവെള്ളം, വൈദ്യുതി, ഫയർ എക്സ്റ്റിംഗിഷർ തുടങ്ങിയ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. വെയിംഗ് മെഷീൻ സ്ഥാപിച്ചിട്ടുള്ള എം സി എഫിൽ നിലവിൽ ബെയിലിംഗ് മെഷിൻ ഇല്ല. ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനു വേണ്ടിയുള്ള പദ്ധതി നിലവിലുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 26 മിനി എം.സി.എഫുകളും ഉണ്ട്. പാഴ് വസ്തുക്കൾ വാർഡുതലത്തിൽ ശേഖരിച്ച് മിനി എം.സി.എഫുകളിൽ എത്തിക്കുകയും തുടർന്ന് വാഹനം വരുന്ന മുറക്ക് എം.സി.എഫിൽ എത്തിക്കുകയുമാണ് ചെയ്യുന്നത്. പ്രതിമാസം രണ്ടോ മൂന്നോ തവണ ആവശ്യപ്പെടുന്ന മുറക്ക് ക്ലീൻ കേരള കമ്പനി മാലിന്യം കൊണ്ടു പോകുന്നുണ്ട്. മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള MCF ന്റെ സൗകര്യങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

ടിപ്പിംഗ് ഏരിയ – 35%

സ്റ്റോറേജ് ഏരിയ – 25%

സോർട്ടിംഗ് ഏരിയ – 5%

മെഷിനറി ഏരിയ – 5%

അന്തിമ സംഭരണ ഏരിയ – 20%

അജൈവ മാലിന്യങ്ങൾ 15 ദിവസം വരെ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നുണ്ട്. കൂടാതെ മാലിന്യങ്ങൾ പ്രധാനമായും ഫീൽഡ് തലത്തിൽ തന്നെ തരംതിരിക്കുന്നുമുണ്ട്. പ്രതിമാസം രണ്ടോ മൂന്നോ തവണ ആവശ്യപ്പെടുന്ന മുറക്ക് ക്ലീൻ കേരള കമ്പനി മാലിന്യം കൊണ്ടു പോകുന്നുണ്ട്. ജനങ്ങളിൽ കുറച്ചുപേരെങ്കിലും മാലിന്യ സംസ്കരണത്തെപറ്റി ബോധവാൻമാർ അല്ലാത്തതു കൊണ്ട് ഫീൽഡ് തലത്തിൽ ഹരിതകർമ്മസേന പ്രയാസങ്ങൾ നേരിടുന്നുണ്ട്. യൂസർഫീ നൽകുന്നതിൽ ചില വീട്ടുകാർ വിമുഖത കാണിക്കുന്നുണ്ട്. അതുപോലെ തന്നെ പ്ലാസ്റ്റിക് മാലിന്യം ഇല്ലാത്ത കടകളിൽ യൂസർഫീ കലക്ഷന് പോകുമ്പോൾ പ്രയാസങ്ങൾ നേരിടുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം 15 വാർഡുകളിലും കൂടി യൂസർഫീ ഇനത്തിൽ 1879550 രൂപ ലഭിച്ചിട്ടുണ്ട്.

**(II)ജൈവമാലിന്യം**

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം 2950 റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെങ്കിലും,മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെയും സ്ഥാപനങ്ങളിലെയും, വീടുകളിലെയും പരമാവധി ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ കൂടി സംഘടിപ്പിച്ച് പൊതുജനങ്ങളുടെ പങ്കാളിത്തവും പ്രസ്തുത ദൗത്യത്തിലേക്കുള്ള മുതൽക്കൂട്ടാക്കാനുള്ള ഭാവി പരിപാടി ആസൂത്രണം ചെയ്ത് ഗ്രാമ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 23-08-24 &24-08-24 | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.9/1442/24 തീയതി 23.10.2024 |

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 22/05/2024 ലെ 86/24 നം. തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്‌വെയറിൽ 28-05-2024 തീയതിയിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3-1,3-2,3-3 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്ന് 7,20,000 രൂപയും തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 32,38,774 രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | മുന്നിരിപ്പ് ₹ | തൻവർഷം ലഭിച്ച തുക ₹ | ആകെ ₹ | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 0 | 99,970/- | 99,970/- | സാന്ത്വന പരിചരണം , 46/24 | 99,970/- | 0 |
| | 0 | 3,41,139 | 3,41,139 | ബഡ്സ് റിഹാബി ലിറ്റേഷൻ സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കൽ , 7/24 | 3,41,139 | 0 |
| | 0 | 14,00,080 | 14,00,080 | ലൈഫ് മിഷൻ ഭവന പദ്ധതി ,15/24 | 14,00,080 | 0 |
| | 0 | 2,99,922 | 2,99,922 | പാലിന് അധിക വില നൽകൽ , 28/24 | 2,99,922 | 0 |
| | 0 | 3,09,500 | 3,09,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ,34/24 | 3,09,500 | 0 |
| | 0 | 81,600 | 81,600 | നെൽകൃഷി വികസന പദ്ധതി,39/24 | 81,600 | 0 |
| | 0 | 6,07,563 | 6,07,563 | വാട്ടർ ടാങ്ക് പറമ്പുക്കരി വയൽ റോഡ് കോൺക്രീറ്റ്, 91/24 | 0 | 6,07,563 |
| | 0 | 99000 | 99000 | ലൈഫ് അഡീഷണൽ ലിസ്റ്റ് ഗുണഭോക്താവിന് ഭവന നിർമ്മാണം- എസ് സി (സ്പിൽ ഓവർ) ,124/24 | 99000 | 0 |
| | 0 | 10000 | 10000 | മേൽക്കൂര മാറ്റൽ (ടി എസ് പി) | 10000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്പിൽ ഓവർ , 123/24 | | |
| ആകെ | 0 | 32,38,774 | 32,38,774 | | 26,41,211 | 6,07,563 |
| ജില്ലാ പഞ്ചായത്ത് ,കണ്ണൂർ | 0 | 3,20,000 | 3,20,000 | ലൈഫ് മിഷൻ ഭവന പദ്ധതി, 15/24 | 3,20,000 | 0 |
| | 0 | 1,00,000 | 1,00,000 | പാലിന് അധിക വില നൽകൽ ,28/24 | 1,00,000 | 0 |
| | 0 | 3,00,000 | 3,00,000 | സാന്ത്വന പരിചരണം , 46/24 | 3,00,000 | 0 |
| ആകെ | 0 | 7,20,000 | 7,20,000 | | 7,20,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് മിഷൻ ഭവനപദ്ധതി വായ്പ നിലവില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യുന്നത് സംബന്ധിച്ച് ഖണ്ഡിക 1-26 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം/ ഷെയർ | 10000 |
| തൻവർഷം നിശ്ചയിച്ച തുക | ഇല്ല |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം ആർജ്ജിക്കുന്ന സ്ഥിര നിക്ഷേപം/ഷെയർ | 10000 |

| സ്ഥാപനം | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ | തുക |
|---|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | മെമ്പർ നം.47 സർട്ടിഫിക്കറ്റ് നമ്പർ 196/ 19-10-2004 – ബി ക്ലാസ് ഷെയറുകൾ | ₹10000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2023-24 വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1. | 2022-23 | 1-13 (2) | 1,800 | പ്രസീജിത്ത് ഐ, ടോപ്കോ | 1230104793 തീയതി |

| | | | | | |
|---|---|---|---|---|---|
| | | | | ഫർണിച്ചർ (തൊഴിൽ നികുതി) | 13/12/2023 |
| 2. | 2022-23 | 1-13 | 960 | ലിജിന വി, നൻമ വെജിറ്റബിൾസ് (തൊഴിൽ നികുതി) | 1230104802 തീയതി 14/12/2023 |
| 3. | 2022-23 | 1-13 (8) | 1,440 | കെ.സി. പ്രദീപ് കുമാർ, നാരായണി ടെക്സ്റ്റയിൽസ് | 1230104809 തീയതി 14/12/2023 |
| 4. | 2022-23 | 1-13 (3) | 480 | വി.വി. പ്രീജ, രുചി ഹോട്ടൽ | 1230104818 തീയതി 15/12/2023 |
| 5. | 2022-23 | 1-13 (1) | 1,200 | വീണ എം, വീണ ടയേർസ് | 1230104832 തീയതി 15/12/2023 |
| 6. | 2022-23 | 1-13 (4) | 960 | എ.വി. ബാബുരാജ്, വി.എക്സ്. വെജിറ്റബിൾസ് | 1230104975 തീയതി 23/12/2023 |
| 7. | 2021-22 | 3-2(1-24) | 5,429 | കോടിക്കണ്ടി ഗ്രൂപ്പ് | 1230105693 തീയതി 08/02/2024 |
| | ആകെ | | 12269 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 26 | 2002-03 | VII 13-10(I) | റോഡ് ടാറിംഗ് അധിക തുക നൽകി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹48458199 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹45093499 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹3040 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1010950 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് ₹ | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-13 | 1490 | | ശ്രീ.ബാബുരാജ്.പി,സെക്രട്ടറി,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| 1-16 | 850 | | ശ്രീ.ബാബുരാജ്.പി,സെക്രട്ടറി,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| 1-19 | 700 | | ശ്രീ.ബാബുരാജ്.പി,സെക്രട്ടറി,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| ആകെ | 3040 | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 75362 | ശ്രീ.ബാബുരാജ് പി, സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| 1-28 | 110000 | ശ്രീ.ബാബുരാജ്.പി, സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| 1-32 | 101534 | ഡോ.വോൾഗാ വിജയൻ, മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| 1-33 | 215353 | ഡോ.കെ.ജിപിന, മെഡിക്കൽ ഓഫീസർ, പി എച്ച് സി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| 1-35 | 495044 | ശ്രീമതി സീമ ഇ, വി.ഇ.ഒ, മുഴപ്പാല സർക്കിൾ, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് |
| 1-39 | 13657 | ശ്രീമതി ഷിൻജ ഇ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | **1010950** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 7978 | ശ്രീ.ബാബുരാജ്.പി, സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. |
| **ആകെ** | **7978** | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക : 1-13,1-14,1-18

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ബാബുരാജ്.പി,സെക്രട്ടറി,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | പൊടിക്കളത്തിൽ ഹൗസ്, മലപ്പട്ടം, കണ്ണൂർ ജില്ല. |
| ഡോ.വോൾഗാ വിജയൻ, മെഡിക്കൽ ഓഫീസർ,പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മലപ്പട്ടം | പാരിജാതം, വാരം, കണ്ണൂർ ജില്ല. |
| ഡോ.കെ.ജിപിന ,മെഡിക്കൽ ഓഫീസർ,പി എച്ച് സി,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | മെഡിക്കൽ ഓഫീസർ, പി എച്ച് സി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | ഫ്ലാറ്റ് നമ്പർ-5ഡി, പി വി എസ് ഫോർട്ട്യൂൺ അപ്പാർട്ട് മെന്റ്, കണ്ണൂർ ജില്ല. |
| ശ്രീമതി.സീമ.ഇ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മുഴപ്പാല സർക്കിൾ,അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴപ്പാല സർക്കിൾ, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. | ചൊവ്വ ഹൗസ്, കൂടാളി (പി.ഒ) കണ്ണൂർ ജില്ല. |
| ശ്രീമതി ഷിൻജ ഇ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | ശ്രീനിധി, പാതിരിയാട്, ശങ്കരനല്ലൂർ പി.ഒ, കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി7/ 1390/2022<br>തീയതി: 10.10.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി7/1390/2022<br>തീയതി: 10.10.2022 | 1 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി7/1078/2021 (1)<br>തീയതി 30/01/2024 | 7 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി7/56/2022<br>തീയതി. 09.02.2024 | 11 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.7/474/2024<br>തീയതി. 02.03.2024 | 11 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.7/26/2024<br>തീയതി. 09.02.2024 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 86/2024 dated 86/2024 dated 22-05-2024 and submitted on 28-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Anjarakandy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ancharakandy Grama Panchayat as on 31-03-2024

**Date: 23/10/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Anjarakandy Grama Panchayat for the Year 2023-2024.

#### 1.Major Observations

Nil

#### 2.Other Observations

1)Lapses in making timely and accurate demand entries in respect of tax and non tax revenue.

2)The work which has part bill payment made is not accounted in capital work in progress in balance sheet.

3)Even though there has no loan liability , an amount deducted at source while allotting Development fund S C P.The amount is not included in balancesheet.

4) The correct value of land is not reflected in the balance sheet.

5)Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

6)The mandatory financial statements prescribed in accounting rules are not submitted for audit.

**7)The Asset value shown in balance sheet is not traceable to Asset Register as it is not updated.**

**8)Year end Physical stock verification for the Financial year 2023-24 has not been conducted and certified.**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3
## ധനകാര്യ പത്രികകൾ

**1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്**

**Ancharakandy Grama Panchayat RECEIPT & PAYMENT STATEMENT**
For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 38227099.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2415800.00 |
| 140000000 | Fees & User Charges | RP-4 | 4570409.00 |
| 150000000 | Sale & Hire Charges | RP-5 | 55775.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10585800.00 |
| 171000000 | Interest Earned | RP-9 | 1039336.00 |
| 190000000 | Prior Period Income | RP-11 | 6840.00 |
| 311000000 | Earmarked Funds | RP-28 | 4658.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18944832.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9665848.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 8150.00 |
| 340000000 | Deposits Received | RP-33 | 74571.00 |
| 350000000 | Other Liabilities | RP-35 | 1086180.00 |
| | **Grand total** | | **86685298.00** |
| | **PAYMENTS** | | |

| | | | |
|---|---|---|---|
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 112006.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1989.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 630385.00 |
| 460000000 | Loans, Advances and Deposits | RP-49 | 443459.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 207475.00 |
| 350000000 | Other Liabilities | RP-35 | 43698185.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41533218.00 |
| Cash | Cash | RP-40(b) | 58581.00 |
| | **Grand Total** | | **86685298.00** |

**2. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്**

**Ancharakandy Grama Panchayat INCOME & EXPENDITURE STATEMENT**
For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 9233212.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1741344.00 |
| 140000000 | Fee & User Charges | I-4 | 5057054.00 |
| 150000000 | Sale & Hire Charges | I-5 | 57361.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 109300732.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1039336.00 |
| 180000000 | Other Income | I-9 | 112790.00 |
| | **Total Income** | | **126541829.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12133612.00 |
| 220000000 | Administrative Expenses | I-11 | 1350919.00 |
| 230000000 | Operations & Maintenance | I-12 | 1779003.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4066874.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 31678249.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2182288.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 15943000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 44576300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 937112.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | I-16 | 3269.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 17600886.00 |
| 190000000 | Prior Period Income | I-19 | 12803 |
| | **Total Expenditure** | | **132252161.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5710332.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5721546.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 24017.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-11214.00** |

**3. ബാലൻസ് ഷീറ്റ്**

**Ancharakandy Grama Panchayat BALANCE SHEET**
As on 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -4255970.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 22815.00 |
| 312000000 | Reserves | B-3 | 64720928.00 |
| | **Total Reserve & Surplus** | | **60487773.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9784194.00 |
| | **Total Grants, Contributions for Specific Purposes** | | **9784194.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **0.0** |

| | | | |
|---|---|---|---|
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 4525630.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1885767.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6411397.00** |
| | **TOTAL LIABILITIES** | | **76683364.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 8594063.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8663883.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 119742146.00 |
| 416000000 | Accumulated Depreciation | B-11(a) | -104881195.00 |
| | **Total Fixed Assets** | | **32118897.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **10000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 4999.00 |
| 431000000 | Sundry Debtors (Receivables) | B-15 | 642703.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 41591799.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2314966.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **44554467.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **76683364.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.